ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15-1-1996-ൽ നിലവിൽ വന്നു.

(ബി) പ്രസ്തുത നിയമം നിലവിൽ വന്നശേഷം ഓരോ വർഷത്തേയും ഓഡിറ്റിന്മേൽ 1997, 1998, 1999 എന്നീ വർഷങ്ങളുടെ കൺസോളിഡേറ്റഡ് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കേണ്ടിയിരുന്നു.

(സി) 1998-ലെ റിപ്പോർച്ച് 19-9-1998-ലും 1999-ലെ റിപ്പോർട്ട് 16-11-1999-ലും ഗവൺമെൻറിന് സമർപ്പിക്കുകയുണ്ടായി.

(ഡി) 1998-ലെ ആദ്യ റിപ്പോർട്ടിൽ 1996-97, 1997-98 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിനെപ്പറ്റിയും 1999-ലെ റിപ്പോർട്ടിൽ 1998-99 സാമ്പത്തിക വർഷത്തെ ഓഡിറ്റിനെപ്പറ്റിയും ആണ് പരാമർശിക്കുന്നത്.

(ഇ) റിപ്പോർട്ട് ലഭിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

(എഫ്) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച രണ്ട് റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചിട്ടില്ല.

(ജി & എച്ച്) 1998-ലെ കൺസോളിഡേറ്റഡ് റിപ്പോർട്ടിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആവശ്യമായതിനാൽ ടി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഇത് ലഭിച്ചാലുടൻ മേശപ്പുറത്ത് വയ്ക്കുന്നതാണ്. 1999-ലെ കൺസോളിഡേറ്റഡ് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുന:സംഘടന

38 (2751) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുന: സംഘടനയെക്കുറിച്ച് നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (1993-95) സർക്കാരിന് നൽകിയ 13-ാ മത് റിപ്പോർട്ടിലെ ശുപാശ അനുസരിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ 22-ാം ശുപാർശ പ്രകാരം ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ടസ് സർവ്വീസിലുള്ള ഒരു വ്യക്തിയെ വകുപ്പിന്റെ ചുമതല ഏല്പിക്കുന്ന കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) ഇതിനുവേണ്ടി സർക്കാർ എത്ര പ്രാവശ്യം പാനൽ ക്ഷണിച്ചു എന്ന് വ്യക്തമാക്കുമോ ; അപ്രകാരം ലഭിച്ച പാനലിൽ ആരുടെയൊക്കെ പേരുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ഡി) ഈ പാനൽ എന്നാണ് സർക്കാരിന് ലഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശുപാർശയ്ക്ക് വിരുദ്ധമായി പ്രസ്തുത തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1993-95-ലെ എസ്റ്റിമേറ്റ് കമ്മിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അധിക തസ്തികകൾ അനുവദിക്കുന്നതിനും വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടി പഠനം നടത്തണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. ഇതുപ്രകാരം പി. ആന്റ് എ.ആർ.ഡി. വകുപ്പ് പഠനം നടത്തി റിപ്പോർട്ട് സർക്കാരിന്സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലുള്ള ശ്രീമതി പി. രാധാദേവിയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് വകുപ്പിന്റെ മേധാവിയായി നിയമിച്ചിട്ടുണ്ട്.

(സി) ഒരു പ്രാവശ്യം.

ശ്രീമതി ലീല ആർ വർമ്മ (ഐ.എ. ആന്റ് എ.എസ്സ്. 1994)

ശ്രീ. എസ്. ദിവാകരൻ പിള്ള (ഐ.എ. ആന്റ് എ.എസ്സ്. 1995)

ശ്രീ. എൽ. ശിവശങ്കരപിള്ള (ഐ.എ. ആന്റ് എ.എസ്സ്. 1995)

ശ്രീമതി പി. രാധാദേവി (ഐ.എ. ആന്റ് എ.എസ്സ്. 1995)

(ഡി) 3-2-2000-ൽ

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വൽ

39 (2752) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിൽ ഓഡിറ്റ് മാന്വൽ നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതിൽ എത്ര വാല്യങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ മാനുവലിൽ സർക്കാരിന്റെ അംഗീകാരം ഉണ്ടോ ;

(ഡി) ഇല്ലെങ്കിൽ അംഗീകാരം നൽകണമെന്ന് ഏതെങ്കിലും സർവീസ് സംഘടന ആവശ്യമുന്നയിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഏത് സംഘടനയാണ് ഇപ്രകാരമുള്ള ആവശ്യം ഉന്നയിച്ചിട്ടുള്ളത്; ഈ ആവശ്യത്തിന്മേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly